കാസർഗോഡ് സിറാമിക് സാനിട്ടറിവെയർ ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി

141 (1407) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് 100 കോടിയുടെ മുതൽ മുടക്കിൽ ഒരു സിറാമിക് സാനിട്ടറിവെയർ ഫാക്ടറി സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നുവോ ;

(ബി) ഇതു സംബന്ധിച്ച് ബ്രിട്ടീഷ് കമ്പനിയായ അഡ്മെനിക്സുമായി എന്തെല്ലാം ചർച്ച നടത്തി ;

(സി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കികഴിഞ്ഞുവോ ;

(ഡി) ഇതിനുവേണ്ടി സ്ഥലമെടുത്തുവോ ;

(ഇ) ഈ വ്യവസായം എന്നേയ്ക്കു സ്ഥാപിക്കപ്പെടും ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ധാരണാപത്രം ഒപ്പിട്ടു.

(സി) തയ്യാറാക്കിവരുന്നു.

(ഡി) കിൻഫ്രയുടെ "സീതാംകാളി" യിലുള്ള വ്യവസായ പാർക്കിൽ 50 ഏക്കർ സ്ഥലത്ത് തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(ഇ) വ്യവസായ നിക്ഷേപ തീരുമാനമായശേഷം 24 മാസത്തിനുള്ളിൽ പൂർത്തിയാക്കാനാവും.

കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിച്ച ചെറുകിട വ്യവസായങ്ങൾ

142 (1408) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ;

(ബി) കാഞ്ഞങ്ങാട് ദാമോദർ കാഷ്യൂ കമ്പനി വ്യവസായ സെന്റർ എസ്.എസ്.ഐ. ലഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly